"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആലപ്പുഴ ജില്ലയിൽ മായിത്തറ ഗവൺമെന്റ് വൃദ്ധ വികലാംഗ സദനത്തിൽ ആയ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി. വിനീത. കെ.-യ്ക്ക് പട്ടികജാതി വികസന വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ കാനത്തൂർ ഗവൺമെന്റ് മോഡൽ പ്രീ-സ്കൂളിൽ ആയ തസ്തികയിലേയ്ക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.22/2025/SJD തീയതി,തിരുവനന്തപുരം, 23-01-2025

---

പരാമർശം:-

1. കാസർഗോഡ് ജില്ലയിലെ ആനന്ദാശ്രമം സ്വദേശിയായ ശ്രീമതി നാരായണി. കെ.-യുടെ 06.06.2023-ലെ നിവേദനം.
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 29.12.2023, 20.02.2024, 09.05.2024, 26.07.2024, എന്നീ തീയതികളിലെ എസ്.ജെ.ഡി/4326/2022-ഇ.3 നമ്പർ. കത്തുകൾ.
3. കാസർഗോഡ് ജില്ലകളക്ടറുടെ 13.12.2023-ലെ ഡി.സി.കെ.എസ്.ജി.ഡി/8483/2023-എ.4 നമ്പർ കത്ത്.
4. പട്ടികജാതി പട്ടികവർഗ്ഗ വികസന(സി) വകുപ്പിൻറെ 17/12/2024-ലെ സി2/312/2024/പജപവവിവ നമ്പർ അനൗദ്യോഗിക കുറിപ്പ്

**<u>ഉത്തരവ്</u>**

സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആലപ്പുഴ ജില്ലയിലെ മായിത്തറഗവൺമെന്റ് വൃദ്ധവികലാംഗസദനത്തിൽ ആയ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി വിനീത കെ.യ്ക്ക് എൻഡോസൾഫാൻ ദുരിതബാധിതനും ഇന്റലക്ച്വൽ ഡിസെബിലിറ്റിയുള്ള മകന്റെ പരിചരണം, തുടർ ചികിത്സ എന്നിവ മുൻനിർത്തി വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിലുള്ള ക്ഷേമ സ്ഥാപനത്തിൽ ആയ തസ്തികകൾ നിലവിലില്ലാത്തതിനാൽ 'ആയ' തസ്തികയുടെ സമാനമായ ശമ്പള സ്കെയിൽ തസ്തികയായ റവന്യൂ വകുപ്പിലെ 'വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്' തസ്തികയിലേയ്ക്ക് മാറ്റം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ടിയാളുടെ അമ്മയായ ശ്രീമതി നാരായണി. കെ. പരാമർശം 1-പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. സാമൂഹ്യനീതി വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിൽ 'ആയ' തസ്തിക നിലവിൽ അനുവദിച്ചിട്ടില്ലെന്നും, ശ്രീമതി വിനീത കെ യുടെ മകന്റെ തുടർചികിത്സയ്ക്ക് സാഹചര്യമുള്ളത് കാസർഗോഡ് ജില്ലയിലാണ് എന്നതിന്റെയും

മകനെ പരിപാലിച്ചുപോരുന്ന വൃദ്ധ മാതാപിതാക്കളുടെ പ്രായം കണക്കിലെടുത്ത് തുടർന്നുള്ള കാലങ്ങളിൽ പരിചരണത്തിൽ നേരിടാനുള്ള ബുദ്ധിമുട്ടുകളുടെയും അടിസ്ഥാനത്തിൽ മാനുഷിക പരിഗണനാർത്ഥം സ്വന്തം ജില്ലയിൽത്തന്നെ ശ്രീമതി വിനീത കെ.യ്ക്ക് ജോലിനോക്കുന്നതിനുള്ള സൗകര്യം മുൻനിർത്തി വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ചാൽ സാമൂഹ്യനീതിവകുപ്പിന് തടസ്സമില്ലെന്ന വിവരവും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം 2-പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ, എൻഡൊസൾഫാൻ ദുരിതബാധിതനായ കുഞ്ഞിൻറെ അമ്മയെന്ന നിലയിൽ മാനുഷികപരിഗണനനൽകി ശ്രീമതി വിനീതയ്ക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം നൽകുന്നതിന് പരാമർശം 3 പ്രകാരം കാസർഗോഡ് ജില്ല കളക്ടർ ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അന്തർ ജില്ലാ സ്ഥലമാറ്റവുമായി ബന്ധപ്പെട്ട ഉത്തരവ് പ്രകാരം സമാന ശമ്പള സ്കെയിലും സമാന യോഗ്യതയുമുള്ള ഒരേ നിയമനരീതിയും ഉള്ള തസ്തികകളിലേയ്ക്കാണ് തസ്തികമാറ്റം അനുവദിച്ച് വരുന്നത്. 'ആയ ' തസ്തികയുടെ അടിസ്ഥാന യോഗ്യത ഏഴാം ക്ലാസ് വിജയം ആണ്. വില്ലജ് ഫീൽഡ് അസിസ്റ്റന്റ് എന്നത് എസ് എസ് എൽ സി യോഗ്യത വ്യവസ്ഥ ചെയ്തു പി എസ് സി മുഖാന്തരം പ്രത്യേകം തിരഞ്ഞെടുപ്പ് നടത്തുന്ന തസ്തികയാണ്. പ്രസ്തുത തസ്തികയിലേക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കുന്നതിന് നിലവിലെ ചട്ടങ്ങൾ,സർക്കാർ ഉത്തരവുകൾ എന്നിവപ്രകാരം അനുവദനീയമല്ല. ആയതിനാൽ, ആയ തസ്തിക നിലവിലുള്ള വിവിധ വകുപ്പുകളിൽ കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ ആരാഞ്ഞതിൻറെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ കാനത്തൂർ ഗവ. മോഡൽ പ്രീ സ്കൂളിൽ ആയ തസ്തികയിൽ 19.09.2024 തീയതിയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ടെന്നും പ്രസ്തുത ഒഴിവിൽ ശ്രീമതി വിനീതയ്ക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കാൻ സാധിക്കുമെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പരാമർശം 4 പ്രകാരം അറിയിച്ചിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആലപ്പുഴ ജില്ലയിൽ മായിത്തറ ഗവൺമെന്റ് വൃദ്ധ വികലാംഗസദനം എന്ന സ്ഥാപനത്തിൽ 'ആയ' തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി. വിനീത. കെ.-യ്ക്ക് സംസ്ഥാന പട്ടികജാതി വികസന വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ കാനത്തൂർ ഗവൺമെന്റ് മോഡൽ പ്രീ-സ്കൂളിൽ നിലവിൽ ഒഴിവുള്ള 'ആയ' തസ്തികയിലേയ്ക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ സാമൂഹ്യനീതി ഡയറക്ടറും സംസ്ഥാന പട്ടികജാതി വികസന വകുപ്പ് ഡയറക്ടറും സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
2. ശ്രീമതി വിനീത. കെ., ആയ, ഗവൺമെന്റ് വൃദ്ധ വികലാംഗസദനം,
മായിത്തറ, ആലപ്പുഴ(ഡയറക്ടർ മുഖേന)

3. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്/എ & ഇ), കേരളം,
   തിരുവനന്തപുരം / തൃശ്ശൂർ
5. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്വൈസ്.ബി) വകുപ്പ്
   (ടി വകുപ്പിന്റെ 09.04.2024-ലെ അഡ്വൈസ്.ബി.1/74/2024/ഉ.ഭ.പ.വ
   നമ്പർ കുറിപ്പ് പ്രകാരം)
6. പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ് (ടി വകുപ്പിന്റെ 17.12.2024-ലെ
   സി.2/12/2024/പ.ജ.പ.വ.വി.വ നമ്പർ കുറിപ്പ് പ്രകാരം)
7. ശ്രീമതി നാരായണി. കെ., മാക്കരംകോട്ട് ഹൗസ്, ഹരിപുരം. പി. ഒ.,
   ആനന്ദാശ്രമം, കാസർഗോഡ്
8. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, പൊതുജന സമ്പർക്ക
   വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ്-സൈറ്റിൽ
   പ്രസിദ്ധീകരിക്കുന്നതിനായി)
9. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 24-01-2025 10:28:31

സെക്ഷൻ ഓഫീസർ